'രാഷ്ട്രം അദ്ദേഹത്തിന്റെ കൈയിൽ സുരക്ഷിതമാണ്' എന്നു യുവാവായിരുന്ന ജവാഹർലാലിനെപ്പററി മഹാത്മാഗാന്ധി പ്രസ്താവിക്കുകയുണ്ടായി. ഗാന്ധിജിയുടെ ഈ പ്രവചനം ജവാഹർലാലിന്റെ ദൗഹിത്രനെ സംബന്ധിച്ചും പ്രസക്തമായിക്കൂടെന്നില്ലെന്ന ബോധമാണ്, ആ പ്രസംഗം കേട്ടുകൊണ്ടിരിക്കെ, എന്നിൽ ഉളവായതു്. 'ഭാഗ്യായത്തമതഃപരം....'

(16 നവംബർ, 1984)

# 31. ജനവിധി ദൈവവിധി

എഴുതിക്കഴിഞ്ഞ സ്ഥിതിക്കു് മാററുന്നില്ല. ശരിക്കു് ഈ ലേഖനത്തിന്റെ ശീർഷകം 'ദൈവവിധി ജനവിധി' എന്നാണു് വേണ്ടിയിരുന്നതു്. കാരണം, ശ്രീ രാജീവഗാന്ധിയെ സംബന്ധിച്ചിടത്തോളം ദൈവവിധിയാണു് ആദ്യം വെളിപ്പെട്ടതു്. ദൈവവിധിയെ അടിവരയിട്ടു് ഉറപ്പിക്കുക മാത്രമേ പിന്നീടുവന്ന ജനവിധി ചെയ്തിട്ടുള്ളൂ.

എല്ലാവർക്കും അറിയാവുന്നതുപോലെ, സക്രിയരാഷ്ട്രീയത്തിൽ പ്രവേശിക്കുവാൻ രാജീവഗാന്ധിക്കു താല്പര്യമുണ്ടായിരുന്നില്ല. ജോലിയും കുടുംബവുമായി ഒതുങ്ങി കഴിയാനാണു് ആ യുവാവു് ആഗ്രഹിച്ചിരുന്നതു്. അനുജൻ സഞ്ജയഗാന്ധി വിമാനം തകർന്നു് അകാലമൃത്യുവിനു് ഇരയായില്ലെങ്കിൽ ജ്യേഷ്ഠൻ രാജീവഗാന്ധി ഇപ്പോഴും ഇഷ്ടപ്പെടുക ഒരു മഹാരാഷ്ട്രത്തിന്റെ നിയന്ത്രണത്തെക്കാളേറെ ഒരു വിമാനത്തിന്റെ നിയന്ത്രണമാകുമായിരുന്നു.

ദാരുണമായ ഒരു കുടുംബദുരന്തത്തെത്തുടർന്നു്, കർത്തവ്യനിരതനായ പുത്രൻ എന്ന നിലയിൽ, അമ്മയെ സഹായിക്കുകയെന്ന പരിമിതമായ ലക്ഷ്യവുമായി രാഷ്ട്രീയത്തിലേക്കു് മടിച്ചുമടിച്ചു കടന്നുവന്ന രാജീവഗാന്ധിക്കു്, ക്രൂരമായ മറെറാരു രാഷ്ട്ര–ദുരന്തത്തിൻഫലമായി, ധീരനായ ഒരു ദേശസേവകൻ എന്ന നിലയിൽ, ഒരു സായാഹ്നത്തിൽ, എഴുപത്തിനാലര കോടി ജനങ്ങളുടെ ഭാഗധേയത്തിന്റെ നിയന്ത്രണം ഏറെറടുക്കേണ്ടിവന്നു. ഇന്ദിരാഗാന്ധി വധിക്കപ്പെട്ടിരുന്നില്ലെങ്കിൽ, രാജീവഗാന്ധി ഇപ്പോഴും കോൺഗ്രസ് സംഘടനയുടെ പല സെക്രട്ടറിമാരിൽ ഒരാളായി, പാർലമെൻറിലെ പല ബെഞ്ചുകളിലൊന്നിൽ ഇരിക്കുകയേ ചെയ്യുമായിരുന്നുള്ളൂ.

രാജീവഗാന്ധി ഇന്ത്യയുടെ പ്രധാനമന്ത്രിയാകണമെന്നതു്, സ്പഷ്ടമായും, ദൈവവിധിയായിരുന്നു.

പക്ഷേ, ചുമതല തന്റെ ചുമലുകളിൽ ചുമത്തപ്പെട്ടപ്പോൾ, അതു താങ്ങുന്നതിനുള്ള സന്നദ്ധതയും പ്രാപ്തിയും പക്വതയും തനിക്കുണ്ടെന്നു് രാജീവഗാന്ധി വെളിപ്പെടുത്തി. ഇന്ദിരാഗാന്ധിയുടെ നിര്യാണത്തെത്തുടർന്നുള്ള ഏതാനും ദിവസങ്ങൾക്കകം, രാജീവഗാന്ധിയുടെ സുന്ദരമായ പ്രതിച്ഛായ ഇന്ത്യയിലെ ജനകോടികളുടെ ഹൃദയങ്ങളിൽ മായാതെ പതിഞ്ഞു.

സങ്കല്പത്തിനു് അതീതമായ വേഗത്തിലായിരുന്നു കാര്യങ്ങളുടെ നീക്കം. പൊതുതെരഞ്ഞെടുപ്പു് പ്രഖ്യാപിക്കപ്പെട്ടപ്പോൾ, അതിന്റെ ഫലം എന്തായിരിക്കുമെന്ന കാര്യത്തിൽ ആർക്കും ഉറപ്പുണ്ടായിരുന്നില്ല. നീണ്ട പതിനാറു വർഷങ്ങളിലെ സംഭവബഹുലമായ വാഴ്ചക്കാലത്തു്

ഇന്ദിരാഗാന്ധിക്കെതിരെ ഉരുത്തിരിഞ്ഞുവന്ന സിദ്ധാന്തപരവും വ്യക്തിപരവുമായ എതിർപ്പുകളെല്ലാംതന്നെ ഈ തെരഞ്ഞെടുപ്പിൽ രാജീവഗാന്ധിക്കെതിരെ അണിനിരന്നിരുന്നു. ഇന്ദിരാഗാന്ധിയുടെ ചരമംമൂലം ബഹുജനഹൃദയങ്ങളിൽ ഊറിക്കൂടിയ സഹതാപത്തിന്റെ തരംഗങ്ങളിലൂടെ വേണം രാജീവഗാന്ധിക്കു മുന്നേറാനെന്നായിരുന്നു പരക്കെ കരുതപ്പെട്ടിരുന്നത്. ഈ സഹതാപംതന്നെ, തെരഞ്ഞെടുപ്പു പ്രചാരവേലയ്ക്ക് ആക്കം വർദ്ധിക്കുന്ന തോതിനു് കുറഞ്ഞു കുറഞ്ഞു വരുന്നതായി പത്രങ്ങൾ രേഖപ്പെടുത്തി.

എന്നാൽ, ബഹുജനങ്ങളുടെ അനുഭാവം നേടുന്നതിൽ മുത്തച്ഛൻ ജവാഹർലാൽ നെഹ്റുവിനും അമ്മ ഇന്ദിരാഗാന്ധിക്കുമുണ്ടായിരുന്ന അസാധാരണമായ വൈഭവം തനിക്കുമുണ്ടെന്നു് ഊർജിതമായ തെരഞ്ഞെടുപ്പുപ്രചാരവേലയിലൂടെ രാജീവഗാന്ധി തെളിയിച്ചു. 'ഒരൊററ കുതിര മാത്രം ഓടുന്ന പന്തയം' എന്നു് ഇന്ദിരാകോൺഗ്രസ്സിന്റെ ഇത്തവണത്തെ തെരഞ്ഞെടുപ്പുപ്രചാരവേല വിശേഷിപ്പിക്കപ്പെട്ടിട്ടുണ്ടു്. രാജീവഗാന്ധിയുടെ സാന്നിദ്ധ്യം ഇന്ത്യയുടെ മുക്കിലും മൂലയിലും അനുഭവപ്പെട്ടു. പ്രതീക്ഷിക്കപ്പെട്ട പ്രതികരണം ഉളവാക്കുന്നതിൽ ആ സാന്നിദ്ധ്യം പരാജയപ്പെട്ടതു് ആന്ധ്രപ്രദേശിലും കാശ്മീർ താഴ്വരയിലും മാത്രമായിരുന്നു. ന്യായമായ കാരണങ്ങളില്ലാതെ, അധികാരമോഹികളായ ചിലരുടെ നിർബന്ധത്തിനുവഴങ്ങി, അതിരുകടന്ന ധൃതിയോടെ, ഈ രണ്ടു സംസ്ഥാനങ്ങളിലും കോൺഗ്രസ് കൈക്കൊണ്ട ജനാധിപത്യവിരുദ്ധ നടപടികൾ നിമിത്തം ഉളവായിത്തീർന്ന ബഹുജനരോഷം, രാജീവഗാന്ധിയുടെ ഏതാനും ഹ്രസ്വപ്രസംഗങ്ങൾകൊണ്ടു് നീക്കിക്കളയാവുന്നതായിരുന്നില്ല.

അതേസമയം, ഇന്ത്യയുടെ മററു പ്രദേശങ്ങളിലെ ബഹുഭൂരിപക്ഷം ജനങ്ങളും, രാഷ്ട്രത്തിന്റെ ഏകതയുടെയും അഖണ്ഡതയുടെയും സ്ഥിരതയുടെയും പ്രതീകമായി രാജീവഗാന്ധിയെ കണ്ടു. ആകർഷകങ്ങളായ തെരഞ്ഞെടുപ്പു വാഗ്ദാനങ്ങളൊന്നും രാജീവഗാന്ധി ജനങ്ങൾക്കു നൽകുകയുണ്ടായില്ല. ആഭ്യന്തരവും ബാഹ്യവുമായ ഭീഷണികൾക്കെതിരെ രാഷ്ട്രത്തിന്റെ ഐക്യവും അഖണ്ഡതയും നിലനിർത്തുമെന്നു് അദ്ദേഹം പ്രതിജ്ഞചെയ്തു. ബഹു–മത രാഷ്ട്രമായ ഇന്ത്യയിൽ എല്ലാ മതവിഭാഗങ്ങൾക്കും സംരക്ഷണം ലഭിക്കുമെന്നു് അദ്ദേഹം പ്രഖ്യാപിച്ചു. ന്യൂനപക്ഷങ്ങൾക്കു് പ്രത്യേക പരിഗണന നൽകപ്പെടുമെന്നും രാജീവഗാന്ധി ആവത്തിച്ചു പറഞ്ഞു. പഞ്ചാബ്പ്രശ്നത്തിന്റെ പരിഹാരത്തിനു മുൻഗണന ലഭിക്കും. അഴിമതികൾ തുടച്ചുനീക്കി ഭരണകൂടം ശുദ്ധമാക്കുമെന്നതായിരുന്നു അദ്ദേഹത്തിന്റെ മറെറാരു വാഗ്ദാനം. അയൽപക്കങ്ങളോടു് മൈത്രി പുലർത്തുന്നതടക്കം, തന്റെ മുത്തച്ഛൻ രൂപവല്ക്കരിച്ചതും അമ്മ പിന്തുടർന്നതുമായ വിദേശനയംതന്നെ താനും അനുവർത്തിക്കുമെന്നു് അദ്ദേഹം വ്യക്തമാക്കി. ചുരുക്കത്തിൽ, അധികാരത്തിലുള്ള ഒരു സർക്കാർ നൽകുന്ന സാധാരണ വാഗ്ദാനങ്ങൾ മാത്രമേ രാജീവഗാന്ധി തെരഞ്ഞെടുപ്പുകാലത്തു് വോട്ടർമാർക്കു നൽകുകയുണ്ടായുള്ളൂ.

അതു മതിയായിരുന്നുതാനും. ആരു് അധികാരത്തിൽവന്നാലും ഇന്ത്യയിൽ പാലും തേനും ഒഴുകിത്തുടങ്ങുമെന്നു് ആശിക്കാനുള്ള ബാലിശത്വം ഇന്ത്യയിലെ ബഹുജനങ്ങൾക്കു നഷ്ടപ്പെട്ടുകഴിഞ്ഞിരിക്കുകയാണു്. അഴിമതി കുറഞ്ഞതും, ജനങ്ങളുടെ ജീവനും സ്വത്തിനും സുരക്ഷ വാഗ്ദാനംചെയ്യുന്നതും, സ്ഥിരത പ്രതീക്ഷിക്കാവുന്നതുമായ ഒരു സർക്കാർ ഉണ്ടാകണമെന്നേ ബഹുജനങ്ങൾ പ്രതീക്ഷിക്കുന്നുള്ളൂ. തങ്ങളുടെ ഈ പ്രതീക്ഷ മററാരെയുംകാൾ കൂടുതൽ രാജീവഗാന്ധി നിറവേററുമെന്നു് അവർ വിശ്വസി

ച്ചു. ഇന്ദിരാഗാന്ധിക്കോ, ജവാഹർലാൽ നെഹ്റുവിനുപോലുമോ നൽകാതിരുന്ന അളവിൽ പിന്തുണ രാജീവഗാന്ധിക്ക് അവർ നൽകുകയുംചെയ്തു. പാർലമെൻറിൽ ഇദംപ്രഥമമായ നാലിൽമൂന്നിലേറെ സ്ഥാനങ്ങൾ ഇന്ദിരാകോൺഗ്രസ്പാർട്ടി നേടി. ഇന്ത്യൻ ജനാധിപത്യത്തിലെ ചന്തബഹളത്തിൽനിന്ന് ഇത്തരമൊരു സ്വരസമന്വയം ഉയർന്നുകേൾക്കാൻ കഴിയുമെന്ന് ആരും പ്രതീക്ഷിച്ചിരുന്നില്ല. പാർട്ടിയുടെ വിജയത്തെക്കാളേറെ രാജീവഗാന്ധിയെന്ന വ്യക്തിയുടെ വിജയമാണിതെന്ന കാര്യത്തിലും സംശയമില്ല.

ഇന്ത്യൻ ജനാധിപത്യത്തിൽനിന്ന് എതിർകക്ഷികളെയാകെ തുടച്ചുനീക്കിക്കളഞ്ഞിരിക്കുന്നു എന്നതാണ് ഈ തെരഞ്ഞെടുപ്പിൻെറ സവിശേഷത. പ്രചാരം വർധിപ്പിക്കുന്നതിനുള്ള മാർഗം സർക്കാരിനെ എതിർക്കുകയാണെന്ന് ഉറച്ചുവിശ്വസിക്കുന്ന പത്രങ്ങളുടെ താളുകളിൽ അതികായരായി പ്രത്യക്ഷപ്പെടാറുള്ള പലരും, ജനങ്ങളുടെ ദൃഷ്ടിയിൽ, തകരപ്പണ്ടങ്ങൾ മാത്രമാണെന്ന് ഈ തെരഞ്ഞെടുപ്പു തെളിയിച്ചു. പാർലമെൻറിൽ ഒററയ്ക്ക് നൂററിയിരുപത്തഞ്ചു സീററുകൾ പ്രതീക്ഷിച്ചിരുന്ന, മററു കക്ഷികളുമായി കൂട്ടുചേർന്ന് ഭരണച്ചുമതല ഏറെറടുക്കാൻ തയ്യാറായിരുന്ന, ചരൺസിങ്ങിൻെറ പാർട്ടി ഡി. എം. കെ. പി., വെറും മൂന്നു സീററുകൾ മാത്രമേ നേടിയുള്ളു. ആ പാർട്ടിക്ക് ഗർഭത്തിൽവെച്ചുതന്നെ മരണം സംഭവിച്ചതായി കരുതാം. പഴക്കവും തഴക്കവുമുള്ള ജനത, ബി. ജെ. പി. എന്നീ കക്ഷികൾക്കു നേരിട്ട പരാജയത്തിനു കാരണങ്ങൾ കണ്ടെത്തുക പ്രയാസമാണ്. മാർക്സിസ്റ്റ്–കമ്യൂണിസ്റ്റുകാർ അടക്കമുള്ള ഇടതുപക്ഷപ്പാർട്ടികളെപ്പററിയാണെങ്കിൽ സർവീസ് സംഘടനകളിൽ നുഴഞ്ഞുകയറി, പണം പിരിച്ചു സ്ഥാപനങ്ങൾ വളർത്തിയും, ഭരണം നിരന്തരം സ്തംഭിപ്പിച്ചും, ബഹുജനങ്ങളോടു കൂടെക്കൂടെ സമരം നടത്തിയും രാഷ്ട്രീയാധികാരം എന്നെങ്കിലും പിടിച്ചുപററാമെന്ന വ്യാമോഹം ഉപേക്ഷിക്കാൻ ഈ പരാജയം കാരണമാകുമെങ്കിൽ, അവർക്കിനിയും ഇന്ത്യൻരാഷ്ട്രീയത്തിൽ പ്രസക്തിയുണ്ടാകുമെന്നു കരുതാം.

ഇന്ത്യൻ ജനത അസന്ദിഗ്ധമായി ഏകകക്ഷി ഭരണത്തിന് വോട്ടുനല്കിയിരിക്കുകയാണ്. പ്രസിഡൻഷ്യൽ സമ്പ്രദായത്തിലുള്ള ഭരണത്തെയാണ് ഭാരതീയർ അനുകൂലിക്കുന്നത് എന്ന വ്യാഖ്യാനം ഈ തെരഞ്ഞെടുപ്പിന് രാഷ്ട്രീയചിന്തകർ നൽകിക്കൂടായ്കയില്ല. ഇനി ചേരാനിരിക്കുന്ന പാർലമെൻറിൽ ഫലപ്രദമായ ഒരെതിർപക്ഷം ഉണ്ടായിരിക്കുകയില്ല.

ഈ സ്ഥിതിവിശേഷം ഭരണകക്ഷിയുടെ ഉത്തരവാദത്തെ പരമാവധി വർധിപ്പിച്ചിട്ടുണ്ട്. ഭരണകക്ഷിക്ക്, വേണമെങ്കിൽ അടിസ്ഥാനപരമായ മാററങ്ങൾ നമ്മുടെ ഭരണസംവിധാനത്തിൽ വരുത്താം. സാഹസമെന്ന് അന്യഥാ കരുതപ്പെടാവുന്ന തീരുമാനങ്ങൾ അവർക്കു നടപ്പിലാക്കാം. ദീർഘദൃഷ്ടിയോടെ പെരുമാറുന്നപക്ഷം, നമ്മുടെ ജനാധിപത്യത്തെ അകത്തുനിന്നു കരണ്ടുതിന്നുന്ന പല ക്ഷുദ്രജീവികളെയും എന്നെന്നേക്കുമായി അവർക്ക് ഇല്ലായ്മചെയ്യാം.

അയൽരാജ്യങ്ങളുമായി ഇന്ത്യയുടെ ബന്ധങ്ങൾ സുഖകരങ്ങളല്ല. സിലോൺ പൗരരായ ഇന്ത്യൻ വംശജരോടുള്ള ശ്രീലങ്കാസർക്കാരിൻെറ ക്രൂരമായ പെരുമാററം ഇന്ത്യയ്ക്കു നിരന്തരമായ തലവേദന ഉളവാക്കിക്കൊണ്ടിരിക്കുന്നു. പാകിസ്ഥാനിലെ പട്ടാളഭരണാധിപതി അമേരിക്കയോട് ആയുധങ്ങൾ വാങ്ങി അതിർത്തിയിൽ കുന്നുകൂട്ടുകയാണ്. സിഖ്ഭീകരതയെ പ്രത്യക്ഷമായിത്തന്നെ അദ്ദേഹം പ്രോത്സാഹിപ്പിക്കുകയുംചെയ്യുന്നു. ബംഗ്ലാദേശിൽനിന്നുള്ള നുഴഞ്ഞുകയററമാണ് ആസാംപ്രശ്നത്തിൻെറ

മൂലകാരണം. ഈ പ്രശ്നം ഇന്ത്യ പരിഹരിക്കുന്നതിൽ ബാംഗ്ലാദേശിനു് കടുത്ത എതിർപ്പുണ്ടു്. ചൈനയുമായുള്ള നമ്മുടെ അതിർത്തിത്തർക്കവും അടുത്തൊന്നും തീരുന്ന മട്ടില്ല. പട്ടാളഭരണത്തിനു കീഴിലുള്ള പാകിസ്ഥാനു് സഹായം നൽകുന്നതിൽ അമേരിക്കയ്ക്കുള്ള താല്പര്യം ചൈനയ്ക്കുമുണ്ടു്. പുറമെനിന്നു് ഇന്ത്യൻ രാഷ്ട്രത്തിനു സ്ഥിരമായ വെല്ലുവിളികൾ സൃഷ്ടിക്കുന്ന പ്രശ്നങ്ങളാണിവ.

എന്നാൽ, ഇവയേക്കാൾ ഗൗരവമേറിയവയാണു് രാജ്യത്തിനകത്തുള്ള പ്രശ്നങ്ങൾ. സിഖ്കാരുടെ പ്രശ്നം അത്രെ ഇവയിൽ പ്രധാനപ്പെട്ടതു്. കേന്ദ്രവും സ്റ്റേറ്റുകളും തമ്മിലുള്ള ബന്ധത്തിന്റെ പ്രശ്നവും, ഇത്ര തന്നെ അടിയന്തിരമല്ലെങ്കിലും, ശാശ്വതമായ പരിഹാരം ആവശ്യപ്പെടുന്ന ഒന്നാണു്. വ്യാപകമായ സാമ്പത്തിക മാന്ദ്യം ആണു്, ഭാരതത്തെ നിരന്തരമായി അലട്ടുന്ന മറ്റൊരു പ്രശ്നം.

എങ്കിലും, ജനങ്ങളെസ്സംബന്ധിച്ചിടത്തോളം ഏറ്റവുമധികം അടിയന്തിരവും, ഏറ്റവുമധികം വേദനയുളവാക്കുന്നതുമായ പ്രശ്നം ഭരണരംഗത്തുള്ള അഴിമതിയാണു്. മറ്റൊരു വിധത്തിൽപ്പറഞ്ഞാൽ, റൗഡികളും കള്ളപ്പണക്കാരും രാഷ്ട്രീയ പ്രവർത്തകരും ഉദ്യോഗസ്ഥരും തമ്മിലുള്ള അവിശുദ്ധമായ കൂട്ടുകെട്ടുപോലെ ജനജീവിതത്തെ ക്ലേശഭൂയിഷ്ഠമാക്കുന്ന മറ്റൊരു പ്രശ്നം ഇന്നത്തെ ഇന്ത്യയിലില്ല.

ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പുകാലത്തു ഒരു നിയോജകമണ്ഡലത്തിലുണ്ടായിരുന്ന സ്ഥിതി ഉദാഹരണമായി എടുക്കുക. തെരഞ്ഞെടുപ്പുഫലം പ്രഖ്യാപിക്കപ്പെടുന്നതിനു് ഒരാഴ്ചമുമ്പു് ഡിസംബർ 22—ലെ 'സ്റ്റേറ്റ്സ്മാൻ' പത്രത്തിൽനിന്നു് ഉദ്ധരിക്കാം. ഗുജറാത്തിലെ പോർബന്ദർ നിയോജകമണ്ഡലത്തെപ്പറ്റിയാണു് റിപ്പോർട്ടു്. മഹാത്മാഗാന്ധി ജനിച്ച സ്ഥലമാണു് പോർബന്ദർ എന്ന പശ്ചാത്തലം കൂടി ഓർമിക്കുക. റിപ്പോർട്ടു് ഇങ്ങനെ തുടങ്ങുന്നു:

'തന്റെ ജന്മസ്ഥലം ഒരിക്കൽക്കൂടി സന്ദർശിക്കുകയാണെങ്കിൽ മഹാത്മാഗാന്ധിക്കു് വളരെയധികം സങ്കടം അനുഭവപ്പെടാതിരിക്കുകയില്ല.

'ബ്രിട്ടീഷ് സാമ്രാജ്യത്തെ പിടിച്ചുകലുക്കുന്നതിനുള്ള പ്രവർത്തനത്തിലേക്കു് ജനകോടികളെ നയിച്ച ആ ചെറുമനുഷ്യനെ ഇവിടെ ആരും ഇന്നു് ഓർമിക്കുന്നില്ല.

'ഗാന്ധിജി എന്തിനെയെല്ലാം എതിർക്കുന്നതിനായി ജീവിച്ചുവോ, അവയ്ക്കെല്ലാംവേണ്ടിയാണു് ഇന്നത്തെ പോർബന്ദർ നിലകൊള്ളുന്നതു്. അക്രമം, കൊല, ബലാത്സംഗം, കൊള്ള, നിർബന്ധിച്ചു് പണം പിടുങ്ങൽ, അഴിമതി എന്നിവ പടിഞ്ഞാറെ കടൽത്തീരത്തുള്ള ഈ തിരക്കേറിയ തുറമുഖപട്ടണത്തിന്റെ ജീവിതത്തിലെ അവിഭാജ്യഭാഗങ്ങളായിത്തീർന്നിരിക്കുന്നു.

'കള്ളക്കടത്തുകാരുടെ സ്വർഗമാണു് ഇന്നത്തെ പോർബന്ദർ.

'ഒരു ദേശീയ സ്മാരകമായി ഗാന്ധിജിയുടെ വീടു് സംരക്ഷിക്കപ്പെട്ടിരിക്കുന്നു. അതിൽ ഒരു ഗാന്ധിസാഹിത്യ ഗ്രന്ഥശാലയും ഒരു നൂല്പുമുറിയും ഒരു പ്രാർത്ഥനാമുറിയും കണ്ടു് സന്ദർശകർ തിരിച്ചുപോവുന്നു.

'ഈ വീടിന്റെ നാലു ചുവരുകൾക്കു് പുറത്തു് സൗരാഷ്ട്രത്തിലെ ഈ പ്രദേശത്തെ ഭരിക്കുന്നതു് ഒരു ഗുണ്ടസംഘം (മാഫിയ) ആകുന്നു. പോലീസിനെ ഈ സംഘം നിയന്ത്രിക്കുന്നു.

'ഏതു തെരഞ്ഞെടുപ്പിലും പോർബന്ദർനിയോജകമണ്ഡലത്തിൽ ഉച്ചയ്ക്കുമുമ്പു് കനത്ത പോളിങ്ങ് നടന്നിരിക്കും. കള്ള വോട്ടിങ്ങിനെ ആശ്രയിച്ചാണു് ഇവിടെ രാഷ്ട്രീയഭാഗധേയങ്ങൾ നിലനില്ക്കുന്നതു്.

തെരഞ്ഞെടുപ്പുപ്രക്രിയയുടെ ഭാഗമാണ് ബൂത്ത് പിടിച്ചെടുക്കൽ. അതിനെതിരായി ആർക്കും ഒന്നും ചെയ്യാനില്ല.'

രഹസ്യമായ പോലീസ് റിക്കാർഡുകളിൽ, ഈ പ്രദേശത്തിലെ അധോലോകരാജാക്കന്മാരുടെ കനത്ത ഫയലുകൾ കാണാൻ എനിക്ക് കഴിഞ്ഞു. ഈ ഫയലുകൾ ഓരോന്നിലും വിശദങ്ങളായ ജീവചരിത്രക്കുറിപ്പുകളുണ്ട്. ഒപ്പം ഇങ്ങനെ ഒരു കോളവും:

'രാഷ്ട്രീയക്കാരോടോ രാഷ്ട്രീയപാർട്ടികളോടോ ബന്ധമുണ്ടോ?'

'എല്ലാ ഫയലുകളിലും ഈ കോളത്തിൽ ചേർത്തിട്ടുള്ളത് ഒരൊററ ഉത്തരമാണ്: "ഇന്ദിരാകോൺഗ്രസ്".'

'ഭരത് ഓഡേഡര' എന്ന ആളുടെ ബഹുവർണ്ണ പോസ്റ്ററുകൾ ഈ നിയോജകമണ്ഡലത്തിൽ എവിടെയും കാണാം. ഈ തെരഞ്ഞെടുപ്പിൽ ഇന്ദിരാകോൺഗ്രസ്സിൻെറ സ്ഥാനാർത്ഥിയാണ് ഓഡേഡര. പോർബന്ദറിലെ അധോലോകം (കുററലോകം) അടക്കിവാഴുന്ന മേർജാതിക്കാരിലൊരാളാണ് ഇയാൾ.

'അധോലോകത്തെപ്പററി പോർബന്ദറിലെ സാധാരണ ജനങ്ങൾക്ക് അധികം പരാതികളില്ല. കാരണം, ഇവിടെ നടക്കുന്ന കൊലകൾ കൂടുതലും രാഷ്ട്രീയമാണ്—ആണ്ടിൽ അറുപതോളം കൊലകൾ.

'ഇവിടെ ജയിലില്ല. അതു് അടച്ചിട്ട് കുറെ വർഷങ്ങളായി. ആരെയെങ്കിലും അറസ്റ്റ് ചെയ്താൽ അടുത്ത ജില്ലകളിലെ ജയിലുകളിലേക്ക് അയയ്ക്കണം. ജയിൽകൊണ്ട് ഉപയോഗം ഇല്ലാതായതിനാലാണ് അതു പൂട്ടിയതു്. തടവുകാർ കടന്നെടുത്തു് കുററവാളികൾ ഗേററ് തുറന്ന് പുറത്തുപോവുകയും, ഇഷ്ടമുള്ളപ്പോൾ തിരിച്ചുവരികയുമായിരുന്ന പതിവു്. ഇപ്പോൾ ഈ ജയിൽ ഒരു സിമൻറ് ഗോഡൗൺ ആണ്. ജയിൽ പുതുക്കിപ്പണിയുമെന്നും, വേഗം വീണ്ടും തുറക്കുമെന്നും ജില്ലാ അധികൃതർ അമ്പരപ്പോടെ നിങ്ങളോടു പറയും.

'ഈ കളിയിലെല്ലാം പോലീസിനു പങ്കുണ്ട്. ഇവിടത്തെ പോലീസിലെ ഒരു ഡി. എസ്. പി യെയും രണ്ടു് ഇൻസ്പെക്ടർമാരെയും രണ്ടു് സബ് ഇൻസ്പെക്ടർമാരെയും ഒരു അസിസ്റ്റൻറ് സബ് ഇൻസ്പെക്ടറെയും ചില കോൺസ്റ്റബിൾമാരെയും സസ്പെൻഡ് ചെയ്തിരിക്കുകയാണ്. വളരെക്കാലമായി ഇവിടെത്തന്നെയായിരുന്ന ഇവർക്കെല്ലാം പോർബന്ദറിൽ വളരെയേറെ നിക്ഷിപ്ത താല്പര്യങ്ങൾ ഉണ്ടായിരുന്നു.

'കുററകൃത്യങ്ങൾ നടത്തുന്ന രണ്ടു് പ്രധാന ഗ്രൂപ്പുകൾ ഇവിടെയുണ്ട്. മേജർമാരുടെ ഗ്രൂപ്പാണ് ഒന്നു്; മറെറാന്നു് ഖാർവമാരുടെ (മുക്കുവരുടെ) ഗ്രൂപ്പും. തങ്ങളുടെ പ്രവർത്തനമേഖലകൾ ഇവർ വിഭജിച്ചിരിക്കുന്നു. എങ്കിലും, തുറമുഖത്തിലെ കടത്തും കള്ളക്കടത്തും നിയന്ത്രിക്കുന്നതു് സംബന്ധിച്ച് ഈ രണ്ടു ഗ്രൂപ്പുകളും തമ്മിൽ ഇടയ്ക്കിടെ അടികലശൽ നടക്കും. ഇവ കൊലപാതകത്തിൽ അവസാനിക്കുകയും ചെയ്യും

'ചിലപ്പോൾ സാധാരണക്കാരും ഈ കുഴപ്പങ്ങളിൽ കടുങ്ങും. ഭർത്താവിനെ കത്തിയും കൈത്തോക്കും കാണിച്ച് ഒതുക്കിനിർത്തി, ഒരു സിനിമാതിയേററിൽവെച്ച്, അയാളുടെ ഭാര്യയെ ഇവിടെ ചില റൗഡികൾ ചേർന്നു് ബലാത്സംഗംചെയ്തു മറെറാരു സംഭവത്തിൽ, രണ്ടു് സഹോദരിമാരെ രണ്ടു മാസക്കാലത്തേക്ക് തട്ടിക്കൊണ്ടുപോയി. ഇപ്പോൾ അവരുടെ കുടുംബക്കാർ മുഴുവൻ സ്ഥലം വിട്ടിരിക്കുന്നു.

'പോർബന്ദറിൽ ഇന്ദിരാകോൺഗ്രസ്സിനു് അനുകൂലമായി 'സഹതാപതരംഗം' ഒന്നുമില്ല. ജാതിയാണ് തെരഞ്ഞെടുപ്പുഫലം നിർണ്ണയിക്കുക. എതിർസ്ഥാനാർത്ഥി ബി. ജെ. പി. ക്കാരനായ പ്രൊഫസർ ആർ. കെ. അമീൻ ആണ്. അദ്ദേഹം കഡ്വാപാട്ടേൽജാതിക്കാരനാകയാൽ, കഡ്വാപട്ടേൽജാതിക്കാരുടെ ഭൂരിഭാഗം വോട്ടുകളും തനിക്കു കിട്ടു

മെന്നു് പ്രതീക്ഷിക്കുന്നു. മേർജാതിക്കാർക്കു് എതിരായ ഖാർവമാരുടെ (മുക്കുവന്മാരുടെ) വോട്ടുകളും അദ്ദേഹത്തിനു കിട്ടിയേക്കും.

'ഈ നിയോജകമണ്ഡലത്തിലെ മുഖ്യജാതിക്കാർ താഴെ പറയും വിധമാണു്: 1,70,000 പട്ടേൽമാർ, 80,000 മേർമാർ, 50,000 അഹീമാർ; 78,000 കോളികൾ, 15,000 ബ്രാഹ്മണർ, 40,000 മുസ്ലീങ്ങൾ, 30,000 ലോഹനമാർ.'

തുടർന്നു ലേഖകൻ, ജാതിയടിസ്ഥാനത്തിൽ ഇവരുടെ വോട്ടുകൾ എങ്ങനെ വിഭജിക്കപ്പെട്ടുമെന്നതിനെപ്പററി ഊഹാപോഹങ്ങൾ നടത്തുന്നു.

ശ്രീ ഭരത്ഓഡേഡര ജയിച്ചിരിക്കുന്നു. ഗുജറാത്തിൽ തകർപ്പൻ വിജയമാണല്ലോ ഇന്ദിരാകോൺഗ്രസ്സിനു് കൈവന്നിട്ടുള്ളതു്.

പോർബന്ദറിലെ സ്ഥിതി, ഇന്ത്യയിലെ, എന്തിനു്, കേരളത്തിലെ തന്നെ, പല പ്രദേശങ്ങളിലെയും സ്ഥിതിയിൽനിന്നു മൗലികമായി വ്യത്യസ്തമല്ല. മഹാത്മാഗാന്ധി പിറന്നു എന്ന ചരിത്രപരമായ വസ്തുത ഒഴിച്ചാൽ, പോർബന്ദറിനു് ഒരു വിശേഷവുമില്ല. റൗഡിവാഴ്ചയും, പോലീസ്–റൗഡി–രാഷ്ട്രീയ–ക്കൂട്ടുകെട്ടും ജാതിയടിസ്ഥാനത്തിലുള്ള പൊളിററിക്സും കള്ളക്കടത്തും, എല്ലാം, ഇന്ത്യയിൽ എവിടെയാണു് ഇല്ലാത്തതു്?

മഹാത്മാഗാന്ധി ഇതിനെല്ലാം എതിരായിരുന്നു.

രാജീവഗാന്ധിയോ?

ഇതാണു് രാജീവഗാന്ധിയുടെ മുന്നിലുള്ള, പരമപ്രധാനമായ, വെല്ലുവിളി രാഷ്ട്രം തന്നിൽ സമർപ്പിച്ച അസന്ദിഗ്ദ്ധവും സമ്പൂർണവുമായ വിശ്വാസത്തിനു് അനുരൂപമായ വിധത്തിൽ, ഈ വെല്ലുവിളിയെ യുവാവായ രാജീവഗാന്ധി നേരിടുമോ?

അവസരത്തിനൊത്തു് അദ്ദേഹം ഉയരുമോ? അതു് ഇനി കാണേണ്ടിയിരിക്കുന്നു.

(30 ഡിസംബർ, 1984)

# 32· ഭോപ്പാലിൻെറ പാഠം

'യൂനിയൻ കാർബൈഡ്'' എന്ന അമേരിക്കൻ വ്യവസായസ്ഥാപനം ഇരുപത്തഞ്ചു കോടി രൂപ മുടക്കി ഇന്ത്യയിലെ മദ്ധ്യപ്രദേശ് സംസ്ഥാനത്തിൻെറ തലസ്ഥാനമായ ഭോപ്പാലിൽ സ്ഥാപിച്ച കീടനാശിനിർമാണശാലയിൽ ഭൂമിക്കടിയിൽ കഴിച്ചിട്ട ടാങ്കുകളിൽ ദ്രവരൂപത്തിൽ സൂക്ഷിച്ചിരുന്ന 'മെഥിൽ ഐസോ സയനൈററ്'' എന്ന വിഷം അതിമർദം മൂലം വാതകമായി രൂപംമാറി പുറത്തുകടന്നു് വായുവിൽ വ്യാപിച്ചതിനെത്തുടർന്നു് ഇക്കഴിഞ്ഞ ഡിസംബർ 2, 3 തീയതികളിൽ ഏകദേശം എണ്ണായിരത്തോളം ആളുകൾ മരിക്കുകയും, കൃത്യമായി എണ്ണം അറിയാത്ത ലക്ഷക്കണക്കിനു് ആളുകൾക്കു് അന്ധതയും സ്ഥിരമായ അംഗവൈകല്യങ്ങളും ഉളവാകുകയും ചെയ്തു. തെരഞ്ഞെടുപ്പുകോലാഹലങ്ങൾക്കിടയിലും ഈ ദാരുണസംഭവം ഇന്ത്യയിലെ പത്രലോകത്തിൽ ഒച്ചപ്പാടിനു കാരണമായി.

പക്ഷേ, ഈ സംഭവത്തിൽനിന്നു പഠിക്കേണ്ട പാഠം നാം പഠിച്ചുവോ?